കായൽ ടൂറിസം വികസിപ്പിക്കാൻ പദ്ധതി

*23 [583] ശ്രീ. ബി. വിജയകുമാർ:
„ ഡി. സുഗതൻ:
„ ലൂഡി ലൂയിസ്:
ശ്രീമതി ശോഭനാ ജോർജ്:
„ രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം കായലുകളെ അടിസ്ഥാനമാക്കിയാണ് കായൽ ടൂറിസം വികസിപ്പിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത കായലുകളിലെയും അനുബന്ധ ജലാശയങ്ങളിലെയും പോളയും പായലും മറ്റു മാലിന്യങ്ങളും നീക്കം ചെയ്തിട്ടുണ്ടോ;

(സി) അഷ്ടമുടിക്കായൽ, പരവൂർ കായൽ, കഠിനംകുളം കായൽ മുതലായ കായലുകളിലേക്കുകൂടി കായൽ ടൂറിസം വികസിപ്പിക്കുവാൻ പദ്ധതിയുണ്ടോ;

(ഡി) എങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികളെടുത്തു എന്നു വെളിപ്പെടുത്തുമോ?

വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ) കേരളത്തിലെ പ്രധാന കായലുകളായ വേളി, കാപ്പിൽ, അഷ്ടമുടി, വേമ്പനാട്ട് കായൽ, കൊച്ചി, ചേറ്റുവ മലബാറിലെ വിവിധ കായലുകൾ തുടങ്ങിയവയെ അടിസ്ഥാനമാക്കിയാണ് കായൽ ടൂറിസം വികസിപ്പിച്ചിട്ടുള്ളത്.

(ബി) മാലിന്യങ്ങളും, പോളയും മാറ്റുന്നതുമായി ബന്ധപ്പെട്ട ജോലികൾ തദ്ദേശ ഭരണാധികാരികളാണ് ചെയ്യുന്നത്. എന്നാൽ വേളി, ആക്കുളം കായലിലെ പോളയും, പായലും മറ്റു മാലിന്യങ്ങളും നീക്കം ചെയ്യുന്നതിന് ടൂറിസം വകുപ്പ് മുതൽ മുടക്കിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) നാറ്റ്പാക്ക് എന്ന സ്ഥാപനത്തിലൂടെ വിശദമായ പഠനം നടത്തിയിട്ടുണ്ട്. അഷ്ടമുടിക്കായൽ, പരവൂർ കായൽ, കഠിനംകുളം കായൽ എന്നീ കായലുകൾ ആക്കുളം കായലുമായി ബന്ധിപ്പിച്ച് കൊല്ലത്തുനിന്നും കോവളം വരെയെത്തുന്ന ഒരു ജലമാർഗ്ഗം വികസിപ്പിക്കുന്നതിനുള്ള പ്രോജക്ടും തയ്യാറാക്കിയിട്ടുണ്ട്. ഈ പ്രോജക്ട് കേന്ദ്രസർക്കാരിന്റെ ഇന്റർ ഇൻസ്റ്റിറ്റ്യൂഷണൽ ഗവൺമെന്റ് സ്കീമിൽ ധനസഹായത്തിന് നൽകിയിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly